171 (1393) ലൈബ്രേറിയൻമാരുടെ സ്ഥലംമാറ്റം

ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രേഡ്-1, ഗ്രേഡ്-2, ഗ്രേഡ്-3, ഗ്രേഡ്-4 ലൈബ്രേറിയൻമാരുടെ പൊതു സ്ഥലംമാറ്റം നടത്തുന്നതിനുള്ള നടപടികൾ ഏതുഘട്ടംവരെയായി;

(ബി) വളരെ നാളുകളായി പെൻഡിംഗിലുള്ള ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് പൊതു സ്ഥലംമാറ്റം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

172 (1394) ആശ്രിത നിയമനം

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ലോക്കൽ ലൈബ്രറി ജീവനക്കാരനായിരിക്കെ മരണപ്പെട്ടയാളുടെ മകൻ ശ്രീ. സമജിൽ നിബു ആശ്രിത നിയമന പ്രകാരം ജോലി ലഭിക്കുന്നതിനായുള്ള അപേക്ഷ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇദ്ദേഹത്തിന് നിയമനം നൽകുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനു വേണ്ടി 1997-ൽ ശ്രീ. സമജ് സമർപ്പിച്ച അപേക്ഷ മേൽനടപടിയ്ക്കായി പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചുകൊടുത്തു. തുടർന്ന് കോഴിക്കോട് ലോക്കൽ ലൈബ്രറി അതോറിറ്റി ലൈബ്രറി കൗൺസിൽ ഏറ്റെടുത്ത സാഹചര്യത്തിൽ സമാശ്വാസ പദ്ധതിപ്രകാരം നിയമനം ലഭിക്കുന്നതിനുള്ള അപേക്ഷ സംസ്ഥാന ലൈബ്രറി കൗൺസിലിനു സമർപ്പിക്കാൻ 12.1.99-ൽ ശ്രീ. സമജിനു നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ശ്രീ. സമജ് ഇതുവരെ ലൈബ്രറി കൗൺസിലിന് അപേക്ഷ സമർപ്പിച്ചിട്ടില്ല.

173 (1395) സുൽത്താൻ ബത്തേരി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly